**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2956 — 18/06/2019-ൽ മറുപടിക്ക്

# സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അൻവർ സാദത്ത്** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പന്ത്രണ്ട് വർഷത്തെ സ്കൂൾ വിദ്യാഭ്യാസം ഒരു കുടക്കീഴിലാക്കുന്നത് കൊണ്ട് വിദ്യാഭ്യാസരംഗത്ത് എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്; | എ) വിദ്യാലയങ്ങൾക്ക് നിലവിൽ ലഭ്യമായ വിഭവങ്ങൾ ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ ലാബുകൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തുന്നതിനും ഫണ്ട് വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കുട്ടികൾക്ക് പ്രയോജനകരമായ സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നതിനും വ്യത്യസ്ത നിയന്ത്രണാധികാരികൾ ഒരേ കാമ്പസിലെ വിവിധ തലം സ്കൂളുകൾക്ക് ഉണ്ടാക്കുന്ന ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏകീകരണം സഹായകമാകും. |
| ബി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള കസ്തൂരിരംഗൻ ചെയർമാനായ കമ്മിറ്റി തയ്യാറാക്കിയ വിദ്യാഭ്യാസ നയത്തിന്റെ കരടിൽ ഹയർസെക്കന്ററി വിഭാഗത്തെ ഒഴിവാക്കി 11, 12 ക്ലാസ്സുകൾ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ;<br>സി) പ്രസ്തുത ശുപാർശ ഖാദർ കമ്മിറ്റിയുടെ ശുപാർശകൾക്ക് കടകവിരുദ്ധമാണോ എന്ന കാര്യം പരിശോധിക്കുമോ? | ബി) & സി) ക്ലാസിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് ശരിയായ പഠനത്തിനും വികാസത്തിനും ഉതകുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിനാണ് ഖാദർ കമ്മിറ്റി റിപ്പോർട്ട് ഊന്നൽ നൽകുന്നത്. പുതിയ വിദ്യാഭ്യാസ നയത്തിന്റെ കരട് മാത്രമേ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. നയരേഖ പ്രൊഫ.ഖാദർ കമ്മിറ്റി റിപ്പോർട്ടുമായി വിശദമായി താരതമ്യം ചെയ്ത് പഠിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ